## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3650** **14-07-2022 - ൽ മറുപടിയ്ക്ക്**

## വഖഫ് ബോർഡ് നിയമനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | വഖഫ് ബോർഡ് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിന് പകരം വഖഫ് ബോർഡ് നിയമനങ്ങൾക്ക് മാത്രമായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ; | (എ) | 1995-ലെ വഖഫ് ആക്ടിന്റെ (1995-ലെ 43-ാം കേന്ദ്ര ആക്ട്) 24-ാം വകുപ്പ് (2)-ാം ഉപവകുപ്പ്, വഖഫ് ബോർഡിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനവും അവരുടെ ഔദ്യോഗിക കാലാവധിയും റെഗുലേഷനുകളിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കുന്നു. 1995-ലെ വഖഫ് ആക്ടിന്റെ 110-ാം വകുപ്പ് ബോർഡിന്, സംസ്ഥാന സർക്കാരിന്റെ മുൻകൂർ അനുമതിയോടെ, ഈ ആക്ടിലെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഈ ആക്ടിലെയും അതിനു കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത റെഗുലേഷനുകൾ ഉണ്ടാക്കാമെന്ന് വ്യവസ്ഥ ചെയ്യുന്നു. 2016-ലെ കേരള സംസ്ഥാന വഖഫ് ബോർഡ് റെഗുലേഷനുകളിലെ (ഭേദഗതി) റെഗുലേഷൻ 5(1), സബ്-റെഗുലേഷൻ (2) പ്രകാരം, നേരിട്ടുള്ള നിയമനം നടത്തുന്ന, ബോർഡിലെ ഭരണപരമായ സർവ്വീസിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും എല്ലാ നിയമനങ്ങളും, കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അധിക ചുമതലകൾ വിനിയോഗിക്കുന്നതിന് വേണ്ടി ഉണ്ടാക്കുന്ന നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നല്കുന്ന മുസ്ലീം മതവിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ സെലക്റ്റ് ലിസ്റ്റിൽ നിന്നും നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. അതിനാൽ വഖഫ് ബോർഡിലെ ഭരണപരമായ സർവ്വീസുകളിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനങ്ങൾ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുവാനായി, പ്രസ്തുത ആവശ്യത്തിലേയ്ക്ക് നിയമ നിർമ്മാണം നടത്തുകയുണ്ടായി. വഖഫ് ബോർഡ് ശിപാർശ പരിഗണിച്ചു കൊണ്ടാണ് നിയമനിർമ്മാണം |

| | | | |
|---|---|---|---|
| | | | നടത്തിയത്. നിയമനിർമ്മാണത്തെ തുടർന്ന് മുസ്ലീം സാമുദായിക സംഘടനകൾ ചില ആശങ്കകൾ പ്രകടിപ്പിച്ചതിനെത്തുടർന്ന് വഖഫ് ബോർഡ് നിയമനങ്ങളുമായി ബന്ധപ്പെട്ട വിഷയം 20-04-2022ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മുസ്ലീം സംഘടനാ പ്രതിനിധികളുടെ ഒരു യോഗം വിളിച്ചു കൂട്ടുകയും, വഖഫ് ബോർഡ് നിയമന വിഷയത്തിൽ മുസ്ലീം സംഘടനകളുടെ അഭിപ്രായം കൂടി പരിഗണിച്ച് ഉചിതമായ തീരുമാനം എടുക്കുന്ന കാര്യവും യോഗ്യരായവരെ ബോർഡിൽ നിയമിക്കുന്നതിന് സംവിധാനം ഒരുക്കുന്ന കാര്യവും പരിശോധിക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ആയത് നിലവിൽ സർക്കാരിന്റെ സജീവ പരിഗണനയിലുമാണ്. ഇതിനായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലില്ല. |
| (ബി) | പൊതുമേഖലാ സ്ഥാപനങ്ങളും യൂണിവേഴ്സിറ്റികളും ഉൾപ്പെടെ സംസ്ഥാന സർക്കാർ ഖജനാവിൽ നിന്നും ശമ്പളം നൽകുന്ന നിരവധി സ്ഥാപനങ്ങളിൽ ഇപ്പോഴും നിയമനങ്ങൾ പി.എസ്.സി. മുഖേന അല്ലെന്നിരിക്കെ സംസ്ഥാന വഖഫ് ബോർഡ് നിയമനങ്ങൾ മാത്രം പി.എസ്.സി.-ക്ക് വിടുന്നതിന്റെ സാഹചര്യം വിശദമാക്കാമോ? | (ബി) | വഖഫ് ബോർഡിന്റെ കീഴിലുള്ള ഭരണപരമായ സർവ്വീസുകളിലെ എല്ലാ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനങ്ങൾ പബ്ലിക്ക് സർവ്വീസ് കമ്മീഷന് വിടുന്നതിലൂടെ പ്രസ്തുത നിയമനങ്ങൾ കൂടുതൽ സുതാര്യമാക്കുവാനും യോഗ്യതയുള്ള മുസ്ലീം മതവിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് തുല്യ അവസരം ഉറപ്പുവരുത്തുവാനും കഴിയുമെന്നതിനാലാണ് വഖഫ് ബോർഡ് നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷനു വിടുന്നതിന് സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടത്. |

സെക്ഷൻ ഓഫീസർ